

# സൈക്കിൾ കട

## ജീവിത ചക്രങ്ങൾ

ദീപ. കെ

കോഴിക്കോട് കെ.പി.കേശവമേനോൻ റോഡിലെ എം.വി സൈക്കിൾസിൽ ഇന്നും തിരക്കിന് യാതൊരു കുറവുമില്ല. സൈക്കിൾ വാടകക്കെടുക്കാനും റിപ്പയർ ചെയ്യാനും മറ്റുമായി നിരവധി പേരാണ് ദിനം തോറും കടയിലെത്തുന്നത്. തിരക്കേറിയ ജീവിതത്തിൽ സൈക്കിളിന്റെ സ്ഥാനം പുറകിലേക്കായിട്ടുണ്ടെങ്കിലും അൻപത് വർഷം പൂർത്തിയാക്കുന്ന ഈ കടയിന്നും സജീവം.

1954 ൽ ഇപ്പോഴത്തെ കടയുടമ വിജയന്റെ അച്ഛൻ കുട്ടനെന്ന ഉണ്ണിയേരിയാണ് എം.വി.സൈക്കിൾസ് ആരംഭിച്ചത്. വിജയന്റെ മുത്തശ്ശൻ മലയിൽ വേലുവിന്റെ പേരാണ് കടക്കിട്ടത്. വിരലിലെണ്ണാവുന്ന സൈക്കിളുകളുമായി ആരംഭിച്ച കടയിൽ ഇന്ന് 48 ഓളം സൈക്കിളുകളുണ്ട്. ഒരു ജീവനക്കാരനും. അച്ഛന്റെ കാലശേഷം അമ്മാവന്റെ മകൻ സന്തോഷിനൊടൊപ്പം കൂട്ടുകച്ചവടമാക്കിയിരിക്കുകയാണ് വിജയൻ. കേശവമേനോൻ റോഡിലെ അമ്മ വീടിനോട് ചേർന്നാണ് വിജയന്റെ കട. ഏഴാം ക്ലാസിൽ പഠിക്കുമ്പോൾ കടയുടെ ഭാരം സ്വന്തം ചുമലിലേറ്റിയതാണ് വിജയൻ. ടൈഫോയ്ഡ് ബാധിച്ചപ്പോൾ അച്ഛൻ മകനോട് പഠിത്തം നിർത്തി കട നോക്കാൻ ആവശ്യപ്പെടുകയായിരുന്നു. സൈക്കിളുമായി വിജയന്റെ ബന്ധം അവിടെ തുടങ്ങുന്നു.

50 വർഷങ്ങൾക്ക് ശേഷവും കച്ചവടത്തിനോ അതിന്റെ രീതികൾക്കോ വലിയ മാറ്റങ്ങൾ വന്നിട്ടില്ല. കാലം വരുത്തിയ ചില്ലറ മാറ്റങ്ങളല്ലാതെ. അന്ന് മണിക്കൂറിന് 20 പൈസയായിരുന്നു സൈക്കിളിന്റെ വാടക. ഇന്നത് 4 രൂപയാണ്. ദിവസ വാടക 20 രൂപയും. സ്പെയർ പാർട്സുകൾ മുൻപ് മംഗലാപുരം,കോയമ്പത്തൂർ എന്നിവിടങ്ങളിൽ നിന്നാണ് വാങ്ങിയിരുന്നത്. ഇന്നത് കോഴിക്കോട് തന്നെ ലഭിക്കും. അന്ന് സൈക്കിളുകളിലെ പ്രധാനികൾ റാലിയും ഹെർക്കുലീസുമായിരുന്നു. ഇന്ന് വിപണി കീഴടക്കുന്നത് ഹീറോയാണെന്ന് വിജയൻ

പട്രോൾ പോലീസുകാർക്കു വേണ്ടി സൈക്കിളുകളിൽ ഓയിൽ ലാംപ് വൃത്തിയാക്കി കത്തിച്ചു വച്ചിരുന്ന കാലമുണ്ടായിരുന്നു എം.വി സൈക്കിൾസിന്. മീൻകച്ചവടക്കാർ, വലിയങ്ങാടിയിലെ കച്ചവടക്കാർ തുടങ്ങിയവർ കടയിലെ നിത്യസന്ദർശകരായിരുന്നു. പെരുന്നാൾ ദിനങ്ങളിൽ സൈക്കിളിന് വൻ ബുക്കിംഗ് ആയിരുന്നു. ബസ്സ് സമരങ്ങളും മറ്റും വന്നാൽ ആവശ്യക്കാർ ഏറും. ഇത്തരം അവസരങ്ങളിൽ ആവശ്യത്തിനൊത്ത് സൈക്കിൾ നൽകാൻ ആവില്ല.

കട തുടങ്ങുമ്പോൾ മാതൃഭൂമി പത്ര ഓഫീസ് തൊട്ടടുത്തായിരുന്നു. അവിടുത്തെ ജീവനക്കാരും മറ്റാവശ്യങ്ങൾക്ക് വന്നവരും സൈക്കിൾ എടുത്തിരുന്നത് ഇവിടെ നിന്നാണ്. ഇന്ന് പ്രശസ്തരായ പലരും അവിടുത്തെ നിത്യ സന്ദർശകരായിരുന്നു. കൈതപ്രം ദാമോദരൻ നമ്പൂതിരിയെ വിജയൻ ഇന്നും ഓർക്കുന്നു.

വലിയങ്ങാടിയും അവിടുത്തെ കച്ചവടവും ഉള്ളിടത്തോളം കട നഷ്ടമില്ലാതെ നടത്താൻ കഴിയുമെന്ന് തന്നെയാണ് വിജയന്റെ വിശ്വാസം. സഹോദരങ്ങൾക്കും മക്കൾക്കും ഇതിൽ താൽപ്പര്യമില്ലാത്തതിനാൽ തന്റെ കാലശേഷം കടയുടെ സ്ഥിതി എന്തായിത്തീരുമെന്ന അശങ്കയും വിജയനുണ്ട്. ●